REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 15-10-2026 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **ലഡാക്കിൽ 3,350 കോടി രൂപയുടെ അഞ്ച് പ്രധാന വികസന പദ്ധതികൾ പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ഉദ്ഘാടനം ചെയ്യും.**
- **നവരാത്രി സർഗ്ഗോത്സവത്തിൽ പങ്കെടുക്കാൻ ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ നാളെ കോഴിക്കോട്ടെത്തും.**
- **സാമ്പത്തിക പ്രതിസന്ധിയിലായിരുന്ന KSRTC യുടെ നഷ്ടം കുറഞ്ഞുവരികയാണെന്ന് മന്ത്രി സി.പി ജോൺ.**
- **വോട്ടർപട്ടികയിൽ പേര് ചേർക്കാനും തിരുത്തലിനും സംസ്ഥാനത്ത് ഇന്ന് മുതൽ പ്രത്യേക യജ്ഞം.**
- **ഇന്ന് അന്താരാഷ്ട്ര വൈറ്റ് കെയിൻ ദിനം**
- **ഹൈദരാബാദിൽ അന്താരാഷ്ട്ര ട്വന്റി-20 പുരുഷ ക്രിക്കറ്റിൽ വെസ്റ്റ് ഇൻഡീസ് ഇന്ത്യയെ തോൽപ്പിച്ചു.**

## വാർത്തകൾ വിശദമായി

ലഡാക്കിൽ 3,350 കോടി രൂപയുടെ അഞ്ച് പ്രധാന വികസന പദ്ധതികൾ പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് വീഡിയോ കോൺഫറൻസിംഗിലൂടെ ഉദ്ഘാടനം ചെയ്യും. മേഖലയിലെ ഗതാഗത-വാർത്താവിനിമയ ബന്ധങ്ങൾ ശക്തിപ്പെടുത്തുക, ഊർജ്ജ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, സാംസ്കാരിക പൈതൃകം സംരക്ഷിക്കുക, ജലസുരക്ഷ ഉറപ്പാക്കുക എന്നിവയാണ് പദ്ധതികളുടെ ലക്ഷ്യം.

✪✪✪

നവരാത്രി സർഗ്ഗോത്സവത്തിൽ പങ്കെടുക്കാൻ ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ നാളെ കോഴിക്കോട്ടെത്തും. കേസരി ഭവനിൽ സർഗ്ഗോത്സവത്തിന്റെ സാംസ്കാരിക സമ്മേളനം ഉപരാഷ്ട്രപതി ഉദ്ഘാടനം ചെയ്യും. ചിത്രകലാ രംഗത്തെ സമഗ്ര സംഭാവനകൾ മുൻനിർത്തി സർഗ്ഗോത്സവസമിതി ഏർപ്പെടുത്തിയ പ്രഥമ സർഗ്ഗ കേസരി പുരസ്കാരം ആർടിസ്റ്റ് പി.ആർ.രാജേന്ദ്രന് ഉപരാഷ്ട്രപതി സമർപ്പിക്കും. ഗവർണർ രാജേന്ദ്ര വിശ്വനാഥ ആർലേക്കർ, ചടങ്ങിൽ സംബന്ധിക്കും.

ഉപരാഷ്ട്രപതിയുടെ സന്ദർശനത്തോടനുബന്ധിച്ച് കോഴിക്കോട് നഗരത്തിൽ ഇന്നും നാളെയും വൈകിട്ട് നാല് മുതൽ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തി.

എയർപോർട്ട്, റെയിൽവേ സ്റ്റേഷൻ എന്നിവിടങ്ങളിലേക്ക് പോകേണ്ട യാത്രക്കാർ നേരത്തെ പുറപ്പെടണമെന്നും പൊലീസ് അറിയിച്ചു.

✪✪✪

കരിമ്പ് കർഷകരുടെ പ്രശ്നങ്ങൾക്ക് പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കാൻ കേന്ദ്ര ഗവണ്മെന്റ് ഉന്നതതല സമിതിക്ക് രൂപം നൽകി. കർണാടക, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളിലെ കർഷക പ്രതിനിധികളുമായി കേന്ദ്രമന്ത്രിമാർ നടത്തിയ ചർച്ചയ്ക്ക് ശേഷമാണ് സമിതിയെ നിയോഗിച്ചത്. നീതി ആയോഗ് മുൻ അംഗം പ്രൊഫസർ രമേശ് ചന്ദ് അധ്യക്ഷനായ സമിതിയിൽ കൃഷി, ഭക്ഷ്യ പൊതുവിതരണ, ഉപഭോക്തൃ വകുപ്പുകളിലെ മുതിർന്ന ഉദ്യോഗസ്ഥർ അംഗങ്ങളാണ്.

✪✪✪

രാജ്യത്തെ കാർഷിക മേഖലയിലെ സ്ത്രീകളുടെ സംഭാവനകളെ അംഗീകരിക്കുന്നതിന് കൃഷി-കർഷക ക്ഷേമ മന്ത്രാലയം ഇന്ന് ന്യൂഡൽഹിയിൽ 'മഹിളാ കിസാൻ ദിവസ് 2026' ദേശീയതല ആഘോഷം സംഘടിപ്പിക്കും. 'വികസിത കൃഷിയും വികസിത ഇന്ത്യയും കെട്ടിപ്പടുക്കുന്നതിൽ വനിതാ കർഷകരുടെ പങ്ക്' എന്ന പ്രമേയത്തിൽ ഐക്യരാഷ്ട്രസഭ ആചരിക്കുന്ന 'അന്താരാഷ്ട്ര ഗ്രാമീണ വനിതാ ദിന'ത്തോടനുബന്ധിച്ചാണ് പരിപാടി നടത്തുന്നത്.

✪✪✪

കേരളത്തെ തുറമുഖ നഗരമാക്കി മാറ്റുന്ന മിഷൻ സമുദ്ര പദ്ധതിക്ക് അടിത്തറ പാകുന്ന കേരള മാരിടൈം ബോർഡ് ഭേദഗതി ബിൽ മുഖ്യമന്ത്രി വിഡി സതീശൻ നിയമ സഭയിൽ അവതരിപ്പിച്ചു. ഭാവി കേരളത്തിന്റെ വികസന കുതിപ്പായി ഇത് മാറുമെന്ന് ബില്ല് അവതരിപ്പിച്ച മുഖ്യമന്ത്രി പറഞ്ഞു.

✪✪✪

സാമ്പത്തിക പ്രതിസന്ധിയിലായിരുന്ന KSRTC യുടെ നഷ്ടം കുറഞ്ഞുവരികയാണെന്ന് മന്ത്രി സി.പി ജോൺ അറിയിച്ചു. പൂർണമായി ലാഭത്തിലാണെന്ന് പറയുന്നില്ലെങ്കിലും കുടിശികകളും കടങ്ങളും തീർക്കാൻ കഴിയുന്ന അവസ്ഥയിലേക്ക് കോർപറേഷൻ വരികയാണെന്നും അദ്ദേഹം നിയമസഭയിൽ വ്യക്തമാക്കി. പുതിയ ബസുകൾ നിരത്തിലിറക്കാൻ MLA-മാർ ഉൾപ്പെടെ സഹായിക്കണമെന്നും ഓരോ MLA-മാരും കുറഞ്ഞത് രണ്ട് ബസുകൾ വീതമെങ്കിലും നൽകാൻ തയ്യാറാകണമെന്നും മന്ത്രി നിർദേശിച്ചു. വ്യക്തികളും സ്ഥാപനങ്ങളും KSRTCക്ക് ബസുകൾ നൽകാൻ സ്വമേധയാ മുന്നോട്ടുവരുന്നുണ്ടെന്നും സി.പി ജോൺ അറിയിച്ചു.

✪✪✪

വോട്ടർപട്ടികയിൽ പേര് ചേർക്കുന്നതിനും ഒഴിവാക്കുന്നതിനും തിരുത്തലുകൾ വരുത്തുന്നതിനും സംസ്ഥാനത്ത് ഇന്ന് മുതൽ ഈ മാസം 31 വരെ പ്രത്യേക യജ്ഞം നടത്തും. വില്ലേജ് ഓഫീസുകൾ കേന്ദ്രീകരിച്ച് അപേക്ഷാ ഫോമുകളും ഡിജിറ്റൽ ഹെൽപ് ഡെസ്കുകളും സജ്ജീകരിക്കും.

നിലവിൽ വോട്ടർപട്ടികയിൽ ഉൾപ്പെടാത്തവർക്കും 2027 ജനുവരി ഒന്നിന് 18 വയസ് പൂർത്തിയാകുന്നവർക്കും പേര് ചേർക്കുന്നതിന് അവസരം ലഭിക്കും.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി പൊതു പ്രവർത്തനത്തിൽ 25 വർഷം പൂർത്തിയാക്കി. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ കേന്ദ്രഗവൺമെന്റ് ഇന്ത്യയെ 2047 ഓടെ വികസിത രാജ്യമാക്കി മാറ്റുന്ന പ്രയ്തനത്തിലാണ്. ഇതോടനുബന്ധിച്ചു ആകാശവാണി തയ്യാറാക്കുന്ന പ്രത്യേക റിപ്പോർട്ട് ഇന്ന് റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റിയെ കുറിച്ചാണ്.

----------വോയ്സ്.........

2016 ലാണ് പാർലമെന്റ് റിയൽ എസ്റ്റേറ്റ് റെഗുലേഷൻ ആന്റ് ഡവലപ്മെന്റ് നിയമം പാസ്സാക്കിയത്. മേഖലയിലെ സുതാര്യതയ്ക്കും ഉപഭോക്തൃ അവകാശങ്ങൾക്കും വഴിയൊരുക്കാൻ നിയമം വഴി സാധിച്ചു. നിയമപ്രകാരം വസ്തു വകകൾ ഡവലപ്പർമാർക്ക് പരസ്യം ചെയ്യാനോ വിൽക്കാനോ കഴിയുന്നതിനു മുൻപ് അതോറിറ്റിയിൽ രജിസ്റ്റർ ചെയ്യാം. നിയമം നൽകുന്ന സംരക്ഷണത്തിന്റെയും മുൻ കരുതലിന്റെയും ഭാഗമായി ഡവലപ്പർമാരും വീട് വാങ്ങുന്നവരും തമ്മിലെ തർക്കങ്ങൾ പരിഹരിക്കുന്നതിന് നിയന്ത്രണ സംവിധാനങ്ങൾ കൊണ്ടുവന്നു. വിൽക്കുന്നവരും വാങ്ങുന്നവരും തമ്മിൽ വിശ്വാസം ശക്തിപ്പെടുത്താൻ നിയമത്തിന് സാധിച്ചെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു.

✪✪✪

പാരമ്പര്യ നെൽവിത്തുകളുടെ സംരക്ഷകൻ, ഇന്നലെ അന്തരിച്ച ചെറുവയൽ രാമന്റെ  സംസ്കാരം ഉച്ചയ്ക്ക് രണ്ടിന് ചെറുവയലിലെ കുറിച്യ സമുദായ ശ്മശാനത്തിൽ ഔദ്യോഗിക ബഹുമതികളോടെ നടത്തും. ഇന്നലെ രാത്രി 8.30-ഓടെ ഭൗതികദേഹം  വീട്ടിലെത്തിച്ചു.

രാവിലെ ഒമ്പത് മുതൽ ഉച്ചയ്ക്ക് 12 വരെ കമ്മന നവോദയ എൽ.പി. സ്കൂളിൽ പൊതുദർശനമുണ്ടാകും.  തുടർന്ന് സംസ്കാരച്ചടങ്ങുകൾ ആരംഭിക്കും. മന്ത്രിമാരും രാഷ്ട്രീയ, സാംസ്കാരിക, സാമൂഹിക മേഖലകളിലെ പ്രമുഖരും സംസ്കാരച്ചടങ്ങുകളിൽ പങ്കെടുക്കും.

വാർധക്യസഹജമായ അസുഖങ്ങളെ തുടർന്ന് കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിൽ കഴിയവെ ഇന്നലെ വൈകീട്ടാണ് ചെറുവയൽ രാമൻ അന്തരിച്ചത്. കാർഷിക മേഖലയിലെ സമഗ്ര സംഭാവനകൾ പരിഗണിച്ച് 2023-ൽ രാജ്യം പത്മശ്രീ നൽകി അദ്ദേഹത്തെ ആദരിച്ചു.

✪✪✪

ഇന്ന് അന്താരാഷ്ട്ര വൈറ്റ് കെയിൻ ദിനം. കാഴ്ചയില്ലാത്തവർ നേരിടുന്ന പ്രശ്നങ്ങളിലേക്കും കാഴ്ചയില്ലാത്തവരുടെ കഴിവുകളിലേക്കും സമൂഹത്തിന്റെയും ഗവമെന്റിന്റെയും ശ്രദ്ധയാകർഷിക്കുക എന്നതാണ് ദിനാചരണ ലക്ഷ്യം.

കേരളാഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ്  തിരുവനന്തപുരത്തെ ആസ്ഥാന കേന്ദ്രത്തിൽ ഇന്ന് കാഴ്ചയില്ലാത്തവർക്ക് വൈറ്റ് കെയിൻ ബാങ്കിന്റെ വിപുലീകരണത്തിന്  ധനസമാഹരണം നടത്തും. പരിപാടി സിറ്റിപോലീസ് കമ്മീഷണർ ഡോ. അരുൾ RB കൃഷ്ണ ഉദ്ഘാടനം ചെയ്യും.

കേരളാഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ് വിവിധ ജില്ലാകമ്മിറ്റികളുടെ ആഭിമുഖ്യത്തിലും ദിനാചരണം സംഘടിപ്പിച്ചിട്ടുണ്ട്.

✪✪✪

2026-ലെ ഏഷ്യൻ ഗെയിംസിൽ പങ്കെടുത്ത ഇന്ത്യൻ സംഘവുമായി പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തും. ചടങ്ങിൽ പ്രധാനമന്ത്രി സദസ്സിനെ അഭിസംബോധന ചെയ്യും.

✪✪✪

ഹൈദരാബാദിൽ അന്താരാഷ്ട്ര ട്വന്റി-20 പുരുഷ ക്രിക്കറ്റിൽ വെസ്റ്റ് ഇൻഡീസ്, ഇന്ത്യയെ 24 റൺസിന് തോൽപ്പിച്ചു. ടോസ് നേടി ബാറ്റിംഗ് തെരഞ്ഞെടുത്ത വെസ്റ്റ് ഇൻഡീസിന്റെ 248 റൺസ് വിജയലക്ഷ്യം പിന്തുടർന്ന ഇന്ത്യക്ക് 19.3 ഓവറിൽ 9 വിക്കറ്റിന് 223 റൺസ് എടുക്കാനെ കഴിഞ്ഞുള്ളൂ.

ഇന്ത്യക്കായി മലയാളി താരം സഞ്ജുസാംസൺ 56 റൺസ് നേടി ടോപ് സ്കോററായി. അഞ്ച് മത്സര പരമ്പരയിൽ ഇരു ടീമുകളും ഈരണ്ട് കളികൾ ജയിച്ച് ഒപ്പത്തിനൊപ്പമാണ്. പരമ്പരയിലെ അവസാന മത്സരം മറ്റന്നാൾ ബംഗളൂരു ചിന്നസ്വാമി ക്രിക്കറ്റ് സ്റ്റേഡിയത്തിലാണ്.

✪✪✪

സൗദി അറേബ്യയിലെ അടിയന്തര സാഹചര്യങ്ങൾ കണക്കിലെടുത്ത് ഇന്ത്യൻ പൗരന്മാർക്കായി റിയാദിലെ ഇന്ത്യൻ എംബസി ജാഗ്രതാ നിർദ്ദേശം നൽകി. പ്രാദേശിക ഭരണകൂടത്തിന്റെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കണമെന്നും വ്യോമാക്രമണ മുന്നറിയിപ്പ് ഘട്ടങ്ങളിൽ വീടുകളിൽ സുരക്ഷിതരായിരിക്കണമെന്നും എംബസി അഭ്യർത്ഥിച്ചു. സംഭവങ്ങളുമായി ബന്ധപ്പെട്ട ദൃശ്യങ്ങളോ വ്യാജ വാർത്തകളോ സമൂഹമാധ്യമങ്ങളിൽ പങ്കുവെക്കുകയോ പ്രചരിപ്പിക്കുകയോ ചെയ്യരുത്.

ആക്രമണങ്ങളിൽ പരിക്കേറ്റ ഇന്ത്യൻ പൗരന്മാരിൽ ഏഴുപേർ ചികിത്സയിലാണ്. റിയാദ് കിംഗ് ഖാലിദ് അന്താരാഷ്ട്ര വിമാനത്താവളത്തിലെ സർവീസുകൾ താൽക്കാലികമായി നിർത്തിവച്ചു. ദമാം, ജിദ്ദ, മദീന എന്നിവിടങ്ങളിലെ സർവീസുകൾ ഭാഗികമായി തുടരുന്നുണ്ട്. സുരക്ഷാ മുൻകരുതലിന്റെ ഭാഗമായി പ്രമുഖ ഇന്ത്യൻ വിമാനക്കമ്പനികൾ സൗദി അറേബ്യയിലേക്കും തിരിച്ചും സർവീസുകൾ ഈ മാസം 17 വരെ താൽക്കാലികമായി റദ്ദാക്കിയിട്ടുണ്ട്.

✪✪✪

കടലിൽ കാണാതാകുന്നവർക്ക് മരണ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് ഏഴു വർഷത്തെ കാത്തിരിപ്പ് കാലാവധി കുറയ്ക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടതായി മന്ത്രി VE അബ്ദുൾ ഗഫൂർ അറിയിച്ചു. ഇതിന് നിയമ ഭേദഗതി വരുത്തണമെന്ന് കേന്ദ്രത്തോട് ഔദ്യോഗികമായി ആവശ്യപ്പെട്ടിട്ടുണ്ടെന്നും കപ്പൽ അപകടങ്ങളിൽപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് നഷ്ടപരിഹാരം ഉറപ്പാക്കാൻ അടിയന്തര ഇടപെടൽ നടത്തുമെന്നും അദ്ദേഹം നിയമസഭയിൽ ചോദ്യോത്തര വേളയിൽ വ്യക്തമാക്കി.

✪✪✪

ചലച്ചിത്രനടൻ പ്രേം നസീറിന്റെ ജന്മശതാബ്ദി വിപുലമായി ആഘോഷിക്കാൻ മന്ത്രി പി സി വിഷ്ണുനാഥിന്റെ നേതൃത്വത്തിൽ ചേർന്ന സിനിമാ സംഘടനകളുടെ യോഗം തീരുമാനിച്ചു. ഡിസംബർ 11ന് ആരംഭിക്കുന്ന അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിൽ പ്രേം നസീറിന് ആദരമർപ്പിച്ചാ യിരിക്കും ആഘോഷങ്ങളുടെ തുടക്കം. അടുത്ത വർഷം ഏപ്രിൽ ഏഴിന് പ്രേം നസീറിന്റെ നൂറാം ജന്മദിനത്തിൽ തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ വിപുലമായ പരിപാടികളോടെ ആഘോഷങ്ങൾക്ക് സമാപനമാകും.

✪✪✪

വികസന വിരോധികളായ പ്രതിപക്ഷ പാർട്ടികൾ ഏതുതരം പ്രതിഷേധവുമായി മുന്നോട്ടു പോയാലും വോട്ടർപട്ടികയുടെ ശുദ്ധീകരണം തുടരുമെന്ന് BJP മുൻ സംസ്ഥാന അധ്യക്ഷൻ കുമ്മനം രാജശേഖരൻ പറഞ്ഞു. BJP കോഴിക്കോട് സിറ്റി ജില്ലാ കമ്മിറ്റി സംഘടിപ്പിച്ച പ്രതിഷേധ ജനസഭ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

✪✪✪

കണ്ണൂർ പിലാത്തറ - പാപ്പിനിശ്ശേരി KSTP റോഡിലെ താവം, പാപ്പിനിശ്ശേരി മേൽപ്പാലങ്ങളുടെ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണുന്നതിന് അടിയന്തര മന്ത്രിതല യോഗം വിളിച്ചു ചേർക്കുമെന്ന് മന്ത്രി PK ബഷീർ അറിയിച്ചു. പ്രശ്നങ്ങൾക്ക് പരിഹാരം ആവശ്യപ്പെട്ട് MLA മാരായ M. വിജിൻ, KV സുമേഷ് എന്നിവർ മന്ത്രിയുമായി നടത്തിയ കൂടികാഴ്ച്ചയിലാണ് തീരുമാനം.

✪✪✪

നഷ്ടപ്പെട്ടുപോകുന്ന മനുഷ്യസ്നേഹ ബന്ധത്തെ തിരിച്ചുപിടിക്കാൻ കണ്ണൂർ ദസറ പോലെ പരിപാടികൾക്ക് സാധിക്കുമെന്ന് എം,കെ,രാഘവൻ എംപി പറഞ്ഞു.

കണ്ണൂർ ദസറയുടെ ഭാഗമായ സാംസ്കാരിക സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഇന്ന് വൈകിട്ടത്തെ സാംസ്കാരിക സമ്മേളനം ഫോക്‌ലോർ അക്കാദമി ചെയർമാൻ സുരേഷ്ബാബു എളയാവൂർ ഉദ്ഘാടനം ചെയ്യും.

✪✪✪

*News Editor & News Reader:: വി കെ സുരേഷ്*
*News Team: ശരണ്യരാജൻ, സാലിം*
*DEO : സി കെ സുബോധ്*